"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- എറണാകുളം ജില്ലയിലെ മലയാറ്റൂർ- നീലേശ്വരം ഗ്രാമപഞ്ചായത്തിൽ വോൾട്ട് ടൈപ്പ് ശ്മശാനം പ്രവർത്തിയ്ക്കുന്നതിനെതിരെ ശ്രീമതി ചെല്ലമ്മ പി.ടിയും മറ്റുള്ളവരും ബഹു. ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C) No. 30778/2021 -ൻമേലുള്ള 28.01.2026 -ലെ വിധിന്യായം പാലിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഡിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1369/2026/LSGD തീയതി,തിരുവനന്തപുരം, 27-07-2026

---

പരാമർശം:-

1. ശ്രീ. കെ. എം. ജലീൽ, പ്രസിഡന്റ്, ശ്രീ. കെ.എം ഇസ്മായിൽ, സെക്രട്ടറി, ഇല്ലിത്തോട് ജുമാ മസ്ജിദ് എന്നിവർ മലയാറ്റൂർ- നീലേശ്വരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് സമർപ്പിച്ച 06.04.2018-ലെ അപേക്ഷ
2. എറണാകുളം ജില്ലാ കളക്ടറുടെ 25.05.2020-ലെ DCEKM/12242/2018-M5 നമ്പർ നടപടി ക്രമം
3. ബഹു.ഹൈക്കോടതിയുടെ WP(C) No. 25267/2020 കേസിലെ 16.12.2020-ലെ വിധിന്യായം
4. തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ സെക്രട്ടറി മുമ്പാകെ ശ്രീമതി. ചെല്ലമ്മ പി.ടിയും മുതൽ പേരും സമർപ്പിച്ച 28.12.2020 -ലെ അപ്പീൽ അപേക്ഷ
5. 25/09/2021 ലെ സ.ഉ.(സാധാ) നം.1850/2021/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്
6. WP(C) No. 30778/2021 നമ്പർ കേസിന്മേലുള്ള ബഹു. ഹൈക്കോടതിയുടെ 28.01.2026 ലെ വിധിന്യായം

എറണാകുളം ജില്ലയിലെ ആലുവ താലൂക്കിൽ മലയാറ്റൂർ -നീലേശ്വരം ഗ്രാമപഞ്ചായത്തിലെ മലയാറ്റൂർ വില്ലേജിൽ ബ്ലോക്ക് നം. 22 റീ-സർവ്വെ നം. 117/3/3-ൽപ്പെട്ട സ്ഥലത്ത് കോൺക്രീറ്റ് വോൾട്ട് ശ്മശാനം നിർമ്മിക്കുന്നതിന് അനുമതി ലഭ്യമാക്കുന്നതിനായി ശ്രീ. കെ. എം. ജലീൽ, പ്രസിഡന്റ്, ശ്രീ. കെ.എം ഇസ്മായിൽ, സെക്രട്ടറി, ഇല്ലിത്തോട് ജുമാ മസ്ജിദ് എന്നിവർ പരാമർശം (1) പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. ശ്രീമതി ചെല്ലമ്മ പി. ടി, ശ്രീ രഘു ആട്ടേത്തറ മുതൽപ്പേർ ടി ശ്മശാനം നിർമ്മിക്കുന്നതിനെതിരെയും 30.05.2018 തീയതി പ്രകാരം പഞ്ചായത്തിൽ പരാതി സമർപ്പിച്ചിരുന്നു . 23.06.2018 ലെ പഞ്ചായത്ത് കമ്മിറ്റി ടി വിഷയം ചർച്ച ചെയ്യുകയും പരാതിക്കാരെ നേരിൽ കേൾക്കുകയും 30/07/2018 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം 4

പ്രകാരം വോൾട്ട് ശ്മശാനത്തിന് അനുമതി നൽകുന്നതിനായി എറണാകുളം ജില്ലാ കളക്ടർക്ക് അപേക്ഷ അയയ്ക്കുന്നതിന് തീരുമാനം കൈകൊള്ളുകയും നിർദ്ദിഷ്ട ശ്മശാന നിർമ്മാണത്തിനുള്ള അപേക്ഷ ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന ജില്ലാ കളക്ടർക്ക് ലഭ്യമാക്കുന്നതിനായി 01.08.2018 ൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറി അപേക്ഷ സമർപ്പിയ്ക്കുകയുണ്ടായി.

2. പ്രസ്തുത അപേക്ഷ പരിഗണിച്ച് എറണാകുളം ജില്ലാ കളക്ടർ പരാമർശം (2) ലെ നടപടിക്രമം പ്രകാരം നിർദ്ദിഷ്ട സ്ഥലത്ത് കോൺക്രീറ്റ് വോൾട്ട് ടൈപ്പ് ക്രിമറ്റോറിയം നിർമ്മിക്കുന്നതിന് ലൈസൻസ് നൽകുകയുണ്ടായി. എറണാകുളം ജില്ലാ കളക്ടർ നിർദ്ദിഷ്ട ശ്മശാനത്തിന് അനുമതി നൽകിയതിനെതിരെ ശ്രീമതി ചെല്ലമ്മ പി.ടി യും മുതൽപേരും ബഹു.ഹൈക്കോടതി മുമ്പാകെ WP(C) No.25267/2020 കേസ് ഫയൽ ചെയ്യുകയും ചെയ്തു. പ്രസ്തുത കേസിലെ പരാമർശം (3) ലെ വിധിന്യായം ഉള്ളടക്കം ചെയ്തുകൊണ്ട് ശ്രീമതി ചെല്ലമ്മ പി.ടി യും മുതൽപേരും 05/08/2020 തീയതി പ്രകാരം സർക്കാരിൽ അപ്പീൽ അപേക്ഷ സമർപ്പിച്ചു. ബഹു. ഹൈക്കോടതിയുടെ പരാമർശം (3) ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ഹർജിക്കാരായ ശ്രീ ചെല്ലമ്മ പി.ടി, ശ്രീ ബാബു, ശ്രീ സിബി, ശ്രീ സുകുമാരൻ എന്നിവരെയും ഇല്ലിത്തോട് ജുമാ മസ്ജിദ് സെക്രട്ടറി ശ്രീ കെ.എം. ഇസ്മായിൽ, മലയാറ്റൂർ-നീലേശ്വരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി, ജില്ലാ കളക്ടറുടെ പ്രതിനിധി, ജില്ലാ പോലീസ് മേധാവിയുടെ പ്രതിനിധി, പഞ്ചായത്ത് ഡയറക്ടറുടെ പ്രതിനിധി എന്നിവരെ നേരിൽ കേൾക്കുകയും, നിർദ്ദിഷ്ട വോൾട്ട് ശ്മശാനത്തിന് ലൈസൻസ് നൽകിയ പരാമർശം (2) ലെ ജില്ലാ കളക്ടറുടെ നടപടിക്രമം ശരിവച്ചുകൊണ്ട് ബഹു. ഹൈക്കോടതിയുടെ വിധിന്യായം പാലിച്ച് പരാമർശം (5) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

3. പ്രസ്തുത സർക്കാർ ഉത്തരവിനെതിരെ ശ്രീമതി. ചെല്ലമ്മ പി.ടി.യും മുതൽപേരും ബഹു. ഹൈക്കോടതിയിൽ WP(C)No. 30778/2021 കേസ് ഫയൽ ചെയ്യുകയും ബഹു. ഹൈക്കോടതി പരാമർശം (6) പ്രകാരം വിധിന്യായം പുറപ്പെടുവിക്കുകയുണ്ടായി

> Ext.P23 appellate order issued by the 1st respondent is set aside with a consequential direction to the 1st respondent to examine the issue as to whether a concrete cemetery could be established in a patta land and whether such establishment is in violation of the patta conditions and as to whether any permission could be granted for construction of a concrete cemetery in such patta land and pass appropriate orders thereon after affording an opportunity of being heard to the petitioners and the 7th respondent. A decision in this regard shall be taken within an outer limit of three months from the date of receipt of a copy of the judgment.

HIGH COURT OF KERALA

4. ബഹു.ഹൈക്കോടതിയുടെ പ്രസ്തുത വിധിന്യായ പ്രകാരം പട്ടയ ഭൂമിയിൽ

കോൺക്രീറ്റ് ശ്മശാനം സ്ഥാപിക്കാൻ കഴിയുമോയെന്നും, അത്തരമൊരു നിർമ്മാണം പട്ടയ വ്യവസ്ഥകളുടെ ലംഘനമാണോയെന്നും, അത്തരം ഭൂമിയിൽ കോൺക്രീറ്റ് ശ്മശാനം നിർമ്മിക്കാൻ അനുമതി നൽകാനാവുമോയെന്ന് പരിശോധിക്കാനും, ഹർജിക്കാർക്കും ഏഴാം എതിർകക്ഷിയെയും നേരിൽ കേൾക്കാനുള്ള അവസരം നൽകിയ ശേഷം ഇക്കാര്യത്തിൽ ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കാനും സർക്കാരിന് നിർദ്ദേശം നൽകുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ 05.03.2026 ൽ തദ്ദേശ സ്വയംഭരണ ഡെപ്യൂട്ടി സെക്രട്ടറി ഹിയറിംഗ് നടത്തുകയുണ്ടായി. പ്രസ്തുത ഹിയറിംഗിൽ ശ്രീമതി ചെല്ലമ്മ പി.ടി, ശ്രീ സിബി ജോസ് എന്നിവരും പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ നിന്ന് ലോ-ഓഫീസറും ഇല്ലിത്തോട് ജുമാ മസ്ജിദ്, ഗ്രാമപഞ്ചായത്ത്, ജില്ല കളക്ടർ, എന്നിവരുടെ പ്രതിനിധികളും, കാലടി പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസറും ഹാജരായി. ഹർജിക്കാരൻ ശ്രീ ബാബു ഹിയറിംഗിൽ പങ്കെടുത്തില്ല. ഹിയറിംഗിന് ഹാജരായവർ ചുവടെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി.

<u>i) ഹർജിക്കാർ</u>

ഹർജിക്കാരായ ശ്രീമതി ചെല്ലമ്മ പി.ടി യും, ശ്രീ സിബി ജോസും ബഹു. ഹൈക്കോടതിയുടെ വിധിന്യായം നടപ്പിലാക്കണമെന്ന് ഹിയറിംഗ് വേളയിൽ അറിയിച്ചു.

<u>ii) ജില്ലാ കളക്ടർ</u>

പ്രസ്തുത ഭൂമിയ്ക്ക് പട്ടയം നൽകിയിരിക്കുന്നത് കൃഷി ആവശ്യത്തിന് മാത്രമാണെന്നാണ് തഹസിൽദാർ റിപ്പോർട്ട് ചെയ്തിരിക്കുന്നതെന്ന് കളക്ടറുടെ പ്രതിനിധി അറിയിക്കുകയുണ്ടായി. ആലുവ താലൂക്ക് മലയാറ്റൂർ വില്ലേജ് ബ്ലോക്ക് 22 റീ-സർവ്വേ നം.117/3, 117/3-3 എന്നീ സർവ്വേ നമ്പറുകളിൽപെട്ട ഒന്നായി കിടക്കുന്ന 40.46 ആർ സ്ഥലം ശ്രീമൂലനഗരം സബ് രജിസ്ട്രാർ ഓഫീസിലെ 2010/2005 നമ്പർ ആധാരപ്രകാരം ഇല്ലിത്തോട് ജുമാമസ്ജിദിന് സിദ്ധിച്ചിട്ടുള്ളതാണെന്നും, കൂട്ടുകൃഷി ഫാം ലിക്വിഡേറ്റ് ചെയ്തതിനെ തുടർന്ന് പേരിൽ അന്നത്തെ കൈവശക്കാർക്ക് ഒരു ഹെക്ടർ ഭൂമി വീതം കൃഷി ആവശ്യത്തിനായി കേരള ഭൂമി പതിവ് 1964 ചട്ടപ്രകാരം പതിച്ച നൽകിയിട്ടുള്ളതാണെന്നും അറിയിച്ചു. അപ്രകാരം പ്രസ്തുത സ്ഥലം PF 12/81 നമ്പരായി ശ്രീ കെ.എൻ സുകുമാരൻ എന്നവർക്ക് പട്ടയം ലഭിച്ചിട്ടുള്ളതും, ടിയാളിൽ നിന്നും ആയത് 353/1995, 1929/1995 എന്നീ നമ്പർ ധനനിശ്ചയാധാരങ്ങൾ പ്രകാരം ടിയാളുടെ അവകാശികൾക്ക് കൈമാറിയിട്ടുള്ളതും, ടിയാളുകളിൽ നിന്നും ഇല്ലിത്തോട് ജുമാ മസ്ജിദ് പേർക്ക് തീറാധാരം ചെയ്തിട്ടുള്ളതുമാണ്. പ്രസ്തുത സ്ഥലത്തിന്റെ ഏകദേശം മദ്ധ്യഭാഗത്തായി 10.2 മീറ്റർ നീളത്തിലും 5.1 മീറ്റർ വീതിയിലും സിമന്റ് ബ്രിക്സ് കൊണ്ട് ഉദ്ദേശം 10 അടി ഉയരത്തിൽ ചുറ്റും ഭിത്തി കെട്ടി വാതിൽ നിർമ്മിച്ചിട്ടുള്ളതും, ഉൾഭാഗം ശ്മശാനമായി ഉപയോഗിക്കുന്നതിന് 9 കല്ലറകൾ നിർമ്മിച്ചിട്ടുള്ളതും അതിൽ 2 കല്ലറകളിൽ മൃതദേഹങ്ങൾ സംസ്കരിച്ചിട്ടുള്ളതാണെന്നും ജില്ലാ കളക്ടറുടെ റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുണ്ട്.

<u>iii) SHO (കാലടി- പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർ)</u>

മൃതദേഹങ്ങൾ മറവ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് ക്രമസമാധാന പ്രശ്നം പരിഹരിക്കുന്നതിനായി 11.07.2022 ലും 15.10.2023 ലും പോലീസ് പ്രോട്ടക്ഷൻ ആവശ്യപ്പെട്ടതനുസരിച്ച് കാലടി പോലീസ് സ്റ്റേഷനിൽ നിന്നും പ്രൊട്ടക്ഷൻ നൽകിയിരുന്നെന്ന് സ്റ്റേഷൻ ഹൗസ് ഓഫീസർ അറിയിച്ചു.

**iv) ഇല്ലിത്തോട് ജുമാ മസ്ജിദിന്റെ പ്രതിനിധികൾ**

മസ്ജിദിന്റെ അധികാരപരിധിയിലുള്ള പ്രദേശത്ത് 34 മുസ്ലീം കുടുംബങ്ങൾ താമസിക്കുന്നുണ്ടെന്നും, ഏറ്റവും അടുത്തുള്ള ശ്മശാനം അവരുടെ റസിഡൻഷ്യൽ ഏരിയയിൽ നിന്ന് 15 കിലോമീറ്റർ അകലെയായതിനാലും ശ്മശാനം നിർമ്മിക്കുന്നതിനായി മസ്ജിദ് കമ്മിറ്റി പള്ളിക്ക് സമീപം ഒരേക്കർ സ്ഥലം വാങ്ങുകയും ഒരു വോൾട്ട്ടൈപ്പ് ശ്മശാനം നിർമ്മിക്കുന്നതിന് ബന്ധപ്പെട്ട അധികാരികളിൽ നിന്ന് അനുമതികളും ലൈസൻസുകളും നേടി. ഇതിനെതിരെ കേസ് ഫയൽ ചെയ്തുവെങ്കിലും സർക്കാർ കോടതി നിർദേശം പ്രകാരം പരിശോധിച്ച ശേഷം ലൈസൻസ് നൽകിയ ജില്ലാ കളക്ടറുടെ നടപടി ശരിവയ്ക്കുകയാണുണ്ടായത്. ഇതിനെതിരെയാണ് ഹർജിക്കാർ വീണ്ടും റിട്ട് പെറ്റീഷൻ ഫയൽ ചെയ്തിട്ടുള്ളത്. മേൽപ്പറഞ്ഞ കേസിൽ ഉന്നയിക്കപ്പെട്ട പട്ടയഭൂമി സംബന്ധിച്ച പ്രശ്നം, "കേരള ഗവൺമെന്റ് ലാൻഡ് അസൈൻമെന്റ് (നിയമലംഘനങ്ങളുടെ ക്രമപ്പെടുത്തൽ) നിയമങ്ങൾ, 2025" -ൽ കൊണ്ടുവന്ന ഭേദഗതി, (14/10/2025-ലെ സ.ഉ(പി)നമ്പർ 418/2025/ആർ.ഡി) പ്രകാരം പട്ടയ ഭൂമിയിലെ നിയമലംഘനങ്ങൾ ക്രമപ്പെടുത്താൻ സർക്കാർ തീരുമാനിച്ചതിൽ ഉൾപ്പെടുന്നതും ആയത് പ്രകാരം, ഇല്ലിത്തോട് ജുമാ മസ്ജിദിന്, ക്രമപ്പെടുത്തലിനായി അപേക്ഷ സമർപ്പിക്കുന്നതിന് 14/10/2025 മുതൽ ഒരു വർഷത്തെ സമയമുള്ളതിനാൽ അപേക്ഷ സമർപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണെന്നും അറിയിച്ചു. അതിനാൽ, "കേരള ഗവൺമെന്റ് ലാൻഡ് അസൈൻമെന്റ് നിയമങ്ങൾ" എന്നതിലെ ഭേദഗതിയുടെ വെളിച്ചത്തിലും (നിയമലംഘനങ്ങളുടെ ക്രമപ്പെടുത്തൽ 2025), ഈ കേസ് നിലനിൽക്കുന്നതല്ലെന്നും അതിനാൽ 25/09/2021 ലെ സ.ഉ(സാധാ)നം. 1850/2021 ത.സ്വ.ഭ.വ പുനഃസ്ഥാപിക്കേണ്ടതുമാണെന്നും അറിയിച്ചു.

**v) മലയാറ്റൂർ-നീലേശ്വരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി**

17.02.2022-ലാണ് ലൈസൻസ് നൽകിയതെന്നും നിർദ്ദിഷ്ട വോൾട്ട് ടൈപ്പ് സെമിത്തേരിയിൽ രണ്ട് മൃതദേഹങ്ങൾ സംസ്കരിച്ചിട്ടുണ്ട് എന്നും എന്നാൽ പട്ടയഭൂമി ആണോയെന്ന് പരിശോധിച്ചിരുന്നില്ലായെന്നും ഡ്രൈ ലാൻഡ് എന്നാണ് രേഖപ്പെടുത്തിയിരുന്നതെന്നും അറിയിച്ചു. ശ്രീമതി ചെല്ലമ്മ പി.ടി മുതൽ പേരുടെ പരാതി പ്രകാരം പ്രസ്തുത കോൺക്രീറ്റ് വോൾട്ട് സെമിത്തേരി നിർമ്മിച്ചിട്ടുള്ള മലയാറ്റൂർ വില്ലേജിലെ ബ്ലോക്ക് നമ്പർ 22, റീ സർവ്വെ 117/3, 117/3/3 ൽപ്പെട്ട ഒരു ഏക്കർ ഭൂമി കാർഷിക ആവശ്യങ്ങൾക്കായി Kerala Land Assignment Rules 1964 പ്രകാരം പതിച്ച് നൽകിയ പട്ടയ ഭൂമിയാണെന്നാണ് സൂചിപ്പിച്ചിട്ടുള്ളത്. എന്നാൽ മലയാറ്റൂർ -നീലേശ്വരം ഗ്രാമപഞ്ചായത്തിൽ ബിൽഡിംഗ് പെർമിറ്റ് അപേക്ഷയോടൊപ്പം സമർപ്പിച്ച മലയാറ്റൂർ വില്ലേജിൽ നിന്നുള്ള ഭൂനികുതി രസീത്, കൈവശാവകാശ സർട്ടിഫിക്കറ്റ്, ലൊക്കേഷൻ സ്കെച്ച് എന്നിവയിലൊന്നും തന്നെ പ്രസ്തുത ഭൂമി കാർഷികാവശ്യങ്ങൾക്കായി പതിച്ച് നൽകിയ പട്ടയ ഭൂമി ആണെന്ന് രേഖപ്പെടുത്തിയിട്ടില്ലാത്തതാണെന്നും, വില്ലേജിൽ നിന്നും ലഭ്യമായിട്ടുള്ള ഭൂമി സംബന്ധിച്ച രേഖകളുടെ അടിസ്ഥാനത്തിലാണ് ബിൽഡിംഗ് പെർമിറ്റ് അനുവദിച്ചിട്ടുള്ളതെന്നും അറിയിക്കുകയുണ്ടായി.

**vi) തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെ ലോ ഓഫീസർ**

ഇക്കാര്യത്തിന് പ്രിൻസിപ്പൽ ഡയറക്ടേറ്റിലെ ലോ ആഫീസറുടെ റിപ്പോർട്ട് പ്രകാരം 1981 ലാണ് കൃഷിയാവശ്യത്തിന് പട്ടയം നൽകിയത്. 2005 ലാണ് ലാൻഡ് ട്രാൻസ്ഫർ ചെയ്തത്. ലാന്റ് അസൈൻമെന്റ് റൂൾ 24 പ്രകാരം റെഗുലറൈസ് ചെയ്യാവുന്നതാണെന്ന് റിപ്പോർട്ട് ചെയ്യുകയുണ്ടായി.

5. സർക്കാർ ഇക്കാര്യം പരിശോധിച്ചു. മലയാറ്റൂർ -നീലേശ്വരം ഗ്രാമപഞ്ചായത്ത്, മലയാറ്റൂർ വില്ലേജ്, ബ്ലോക്ക് നം. 22 റീ സർവ്വെ നം. 117/3/3-ൽപ്പെട്ട പട്ടയഭൂമിയിൽ കോൺക്രീറ്റ് വോൾട്ട് ശ്മശാനം നിർമ്മാണം 1998 ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവ് ചെയ്യാനും ദഹിപ്പിക്കാനുള്ള സ്ഥലങ്ങൾ) ചട്ടങ്ങൾ പ്രകാരമുള്ളതിനാൽ 'പട്ടയ ഭൂമി ' സംബന്ധിച്ച വിഷയം പരിശോധിച്ചതിൽ 'Kerala Government Land Assignment (Regularization of Contravention) Rules, 2025, SRO.No.1201 GO(P)No.418/2025 നിലവിൽ വരികയും, വ്യത്യസ്ത വ്യവസ്ഥാ ലംഘനങ്ങൾ ക്രമീകരിക്കുന്നതിനായി ഓരോ ഘട്ടത്തിലും സ്വീകരിക്കേണ്ട നടപടികൾ(steps) വിശദമാക്കിക്കൊണ്ടുള്ള (SIMPLIFIED STANDARD OPERATING PROCEDURE (SSOP), ചട്ടം 5(2), 5(3) എന്നിവ പ്രകാരമുള്ള സർക്കാരിന്റെ അധികാരങ്ങൾ വിനിയോഗിക്കുന്നതിനുള്ള ഉദ്യോഗസ്ഥരെയും നിയമിച്ചുകൊണ്ടുള്ള ഉത്തരവ്, ഫോറങ്ങളുടെ സമർപ്പണം, പരിശോധന, ഫീസടയ്ക്കൽ, ഉത്തരവ് പുറപ്പെടുവിക്കൽ എന്നിവയെല്ലാം ഓൺലൈൻ മൊഡ്യൂൾ മുഖേന സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ള സാഹചര്യത്തിൽ, നിർദ്ദിഷ്ട ഭൂമി കൃഷിയാവശ്യത്തിന് പട്ടയം നൽകിയിട്ടുള്ളതിനാൽ പട്ടയഭൂമി ശ്മശാന നിർമ്മാണത്തിന് വിനിയോഗിച്ച ചട്ടലംഘനങ്ങൾ റെഗുലറൈസ് ചെയ്യുന്നതിനുള്ള അപേക്ഷ ജുമാ മസ് ജിദ് അധികാരികൾ സമർപ്പിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട നിയമ വ്യവസ്ഥകൾ പ്രകാരം പരിശോധിച്ച് നിർദ്ദിഷ്ട ശ്മശാനത്തിന് ലൈസൻസ് നൽകുന്ന കാര്യത്തിൽ പുനർതീരുമാനം കൈക്കൊള്ളുന്നതിന് ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകികൊണ്ട് ബഹു. ഹൈക്കോടതിയുടെ 28/01/2026 -ലെ വിധിന്യായം പാലിച്ച ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
അഡിഷണൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം

Digitally signed by
Smitha. L
Date: 28-07-2026
10:28:16

സെക്ഷൻ ഓഫീസർ

പകർപ്പ്

1. അഡ്വക്കേറ്റ് ജനറൽ (ആമുഖ കത്ത് സഹിതം)
2. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
3. ജില്ലാ കളക്ടർ, എറണാകുളം
4. ജില്ലാ പോലീസ് മേധാവി, എറണാകുളം
5. ജില്ലാമെഡിക്കൽ ഓഫീസർ, ആരോഗ്യ വകുപ്പ്, എറണാകുളം
6. സെക്രട്ടറി, മലയാറ്റൂർ -നീലേശ്വരം ഗ്രാമപഞ്ചായത്ത്, എറണാകുളം
7. എൻവയോൺമെന്റൽ എഞ്ചിനീയർ, ജില്ലാ പൊല്യൂഷൻ കൺട്രോൾ

ബോർഡ് എറണാകുളം

8. ചെല്ലമ്മ പി.റ്റി,പാറക്കൽ ഹൗസ്,
   ബിൽഡിംഗ് നം.214/A, ഇല്ലിത്തോട്,
   മലയാറ്റൂർ പി.ഒ, എറണാകുളം-683587
9. ബാബു പി.റ്റി, S/o തമ്പി,
   പാറക്കൽ ഹൗസ്, ബിൽഡിംഗ് നം.214/A, ഇല്ലിത്തോട്
   മലയാറ്റൂർ പി.ഒ, എറണാകുളം-683587
10. സിബി, S/o ജോസ്,
    നരകതടത്തിൽ, ഇല്ലിത്തോട്,
    മലയാറ്റൂർ പി.ഒ, എറണാകുളം-683587
11. സെക്രട്ടറി,
    ഇല്ലിത്തോട് ജുമാ മസ്ജിദ്,ഇല്ലിത്തോട്
    മലയാറ്റൂർ പി.ഒ, എറണാകുളം-683587
12. റവന്യൂ വകുപ്പ്(റവന്യൂ-U 3/91/2026/റവ പ്രകാരം)
13. ചീഫ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
14. ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്,ഐ&പിആർഡി
15. സ്റ്റോക്ക് ഫയൽ/DB3/45/2026